## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 01.11.2025 മുതൽ 05.11.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2025 (87) വെള്ളിയാഴ്ച | തീയ്യതി 31/10/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 01.11.2025 | 02.11.2025 | 03.11.2025 | 04.11.2025 | 05.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 5 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 320 | 340 | 340 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 4 | 4 | 5 | 6 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതുനിർദേശങ്ങൾ:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | പരിപാലനം | നെല്ലിലെ പോളരോഗം, ഇലപ്പുള്ളി രോഗം, ബാക്ടീരിയൽ ഇല കരിച്ചിൽ എന്നിവക്കെതിരെയുള്ള പ്രതിരോധ മാർഗ്ഗമായി സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കാവുന്നതാണ്. |
| വാഴ | പരിപാലനം | ജലസേചനത്തിനുള്ള തടമെടുക്കലും ചാലുകീറലും നടത്താവുന്നതാണ്. ചീര, പയർ, ഇഞ്ചി, മഞ്ഞൾ എന്നിവ ഇടവിളകളായി കൃഷി ചെയ്യാവുന്നതാണ്. |
| വെള്ളരി വർഗ്ഗ പച്ചക്കറിവിളകൾ | മൃദുരോമ പൂപ്പൽ | അന്തരീക്ഷ ആർദ്രത കൂടുന്നത് മൂലo വെള്ളരിവർഗ പച്ചക്കറികളിൽ മൃദുരോമ പൂപ്പൽ എന്ന കുമിൾ രോഗം കാണാനിടയുണ്ട് . പ്രതിവിതീയായി 2.5 ഗ്രാം മാൻകോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയ്ക്കത്തക്കവിധത്തിൽ കലക്കി തളിക്കുക. |
| ശീതകാല പച്ചക്കറികൾ | നടീലും പരിപാലനവും | നവംബർ ആദ്യവാരത്തോടു കൂടി മൂന്നു മുതൽ അഞ്ച് ആഴ്ച പ്രായമായ തൈകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചു നടാവുന്നതാണ്. നല്ല സൂര്യ പ്രകാശം ലഭിക്കുന്ന സ്ഥലത്ത് നീർവാർച്ചയുള്ള മണ്ണിൽ വേണം കൃഷി നടത്തുവാൻ. |

മത്സ്യകൃഷി:- ശക്തമായ മഴ കാരണം മത്സ്യ കുളങ്ങളിലെ ജലനിരപ്പ് ഉയർന്നു വരുന്നതിനാൽ മത്സ്യ കർഷകർ മത്സ്യങ്ങൾ പോകാതിരിക്കാനുള്ള മുൻകരുതൽ എടുക്കേണ്ടതാകുന്നു. കുളങ്ങൾക്കു ചുറ്റും വലകെട്ടി സംരക്ഷണം നൽകാവുന്നതാണ്.